**ശ്രദ്ധക്ഷണിക്കൽ**

## (1) മുസിരിസ്, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ

ശ്രീ. എ. എൻ. ഷംസീർ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ടൂറിസം മേഖലയിൽ വലിയ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ടൂറിസം മേഖലയിൽ 22 മാസം കൊണ്ട് വലിയ മാറ്റങ്ങളുണ്ടാക്കാനും ഈ സർക്കാരിനായിട്ടുണ്ട്. കേരളത്തിന്റെ അനന്തമായ ടൂറിസം സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുന്ന നിരവധി പദ്ധതികളും സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് മുന്നോട്ടു പോകുകയാണ്. ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുന്നത് പൈതൃക ടൂറിസത്തെക്കുറിച്ചാണ്. പൈതൃക ടൂറിസം എന്നുപറയുമ്പോൾ മുസിരിസ്, ആലപ്പുഴ പദ്ധതി, തലശ്ശേരി പദ്ധതികളാണ്. അതിൽ മുസിരിസിന്റെ ഒന്നാംഘട്ട പണി പൂർത്തീകരിച്ചു. രണ്ടാംഘട്ടം ആരംഭിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ആലപ്പുഴ പദ്ധതിയുടെ പ്രവർത്തനവും ആരംഭിച്ചിരിക്കുകയാണ്. തലശ്ശേരി പൈതൃക ടൂറിസത്തെക്കുറിച്ച് പറയുമ്പോൾ കേരളത്തിന്റെ ടൂറിസം മന്ത്രിയായി സഖാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രവർത്തിച്ചിരുന്ന 2010-ലാണ് തലശ്ശേരി പൈതൃക ടൂറിസത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. ഒന്നാംഘട്ട പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ സർക്കാർ മാറി.

തുടർന്നുവന്ന സർക്കാർ, ഞാൻ കുറ്റപ്പെടുത്തുന്നില്ല രണ്ടാംഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കാനോ മുന്നോട്ടുകൊണ്ടുപോകാനോ യാഥാർത്ഥ്യമാക്കാനോ ഉള്ള ഇടപെടലുകൾ ആ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല. 2016-ൽ അധികാരത്തിൽ വന്ന ബഹുമാന്യനായ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ മുഖ്യമന്ത്രിയുടെ മുൻകയ്യിൽ തന്നെ ടൂറിസം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും ഇടപെട്ടുകൊണ്ട് തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. തലശ്ശേരി ഒരു പൈതൃക നഗരമാണ്. ബ്രിട്ടീഷ് കാലത്ത് വലിയ രീതിയിൽ പ്രാധാന്യമുള്ള പട്ടണമാണ്. അതുമാത്രമല്ല തലശ്ശേരിയെക്കുറിച്ച് പറയുമ്പോൾ ഒ. ചന്തുമേനോൻ, സർക്കസിന്റെ ഗുരു കീലേരി കുഞ്ഞിക്കണ്ണൻ....., ക്രിക്കറ്റ് കളിയാരംഭിച്ച സ്ഥലമാണ് തലശ്ശേരി. ക്രിക്കറ്റ്, സർക്കസ്, കേക്ക് ഇങ്ങനെയുള്ള നിരവധി പൈതൃക പദ്ധതികൾ തലശ്ശേരിയിൽ ആരംഭിക്കാൻ സാധിക്കും. ഭക്ഷണത്തിന്റെ കാര്യത്തിൽ, തലശ്ശേരി ഭക്ഷണം വളരെ പ്രസിദ്ധമാണ്. ലോകത്തിന്റെ ഏത് കോണിൽ പോയാലും തലശ്ശേരി ഭക്ഷണം തേടി ആളുകൾ വരും. ഇങ്ങനെ വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ തലശ്ശേരിയുമായി ബന്ധപ്പെട്ട് നമുക്ക് പറയാൻ സാധിക്കും. അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബരാക് ഒബാമ ഇന്ത്യയിൽ വന്നപ്പോൾ

അദ്ദേഹത്തിന്റെ ഭക്ഷണത്തിലെ ഇൻഗ്രീഡിയന്റ്സിൽ വളരെ പ്രസിദ്ധമായത് അതിൽ ചേർക്കപ്പെട്ട തലശ്ശേരി പെപ്പറായിരുന്നു. ഇങ്ങനെ ഒരുപാട് പൈതൃകമുൾക്കൊള്ളുന്ന....., ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി വന്നപ്പോൾ തലശ്ശേരി പൈതൃക പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തന മാരംഭിച്ചിരിക്കുകയാണ്. രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ചില പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. തലശ്ശേരി പൈതൃക പദ്ധതിയെന്ന് പറയുമ്പോൾ തലശ്ശേരിയിൽ മാത്രം ഒതുങ്ങുന്നതല്ല, കണ്ണൂർ, വയനാട് എന്നീ ജില്ലയിലെ 9 മണ്ഡലങ്ങളിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. മലബാറിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന രീതിയിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. തലശ്ശേരി ടൂറിസം പദ്ധതിയെക്കുറിച്ച് പറയുമ്പോൾ തലശ്ശേരി അസംബ്ലി മണ്ഡലത്തിലെയും ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ധർമ്മടം മണ്ഡലത്തിലെയും ചില പ്രവർത്തനങ്ങൾക്ക് മാത്രമാണ് ഇപ്പോൾ പ്രവർത്തനാനുമതി ലഭിച്ച് പണി ആരംഭിക്കുന്നത്. മൊയ്തു പാലത്തിന്റെ സംരക്ഷണം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മണ്ഡല ത്തിന്റെ ഭാഗമാണ്, നേരത്തെ തലശ്ശേരിയുടെ ഭാഗമായിരുന്നു. പഴയ ഫയർ ടാങ്ക് സംരക്ഷണം, അതിന്റെ പ്രവർത്തനമാരംഭിച്ചു. ഗുണ്ടർട്ട് ബംഗ്ലാവിന്റെ പ്രവർത്തനങ്ങൾക്കും ഇപ്പോൾ അംഗീകാരം

ലഭിച്ചിരിക്കുകയാണ്. അപ്പോൾ ഈ പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഒരു പശ്ചാത്തലത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നത്, ഈ പറയുന്ന പദ്ധതികൾ വളരെ പെട്ടെന്നുതന്നെ യാഥാർത്ഥ്യമാക്കാനാവശ്യമായ പ്രവർത്തനങ്ങളുണ്ടാകുമോ എന്നുള്ളതാണ്. ഒപ്പം തലശ്ശേരി പൈതൃക പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി തലശ്ശേരിയിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇപ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്ന് പൊതുവിലുള്ള സ്ഥിതിവിവരങ്ങൾ സഭ മുമ്പാകെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും ടൂറിസവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പോകുന്ന ഒരു ടൂറിസം ഉല്പന്നമാണ് നമ്മുടെ പൈതൃക പാരമ്പര്യം. കേരളത്തിലെ ഏറ്റവും പ്രാചീന പൈതൃക സ്ഥലമായ മുസിരിസ് അടിസ്ഥാനമാക്കി തുടങ്ങിയ ഈ പദ്ധതി ഇന്ന് സംസ്ഥാനത്തെ ബൃഹത്തായ ടൂറിസം പദ്ധതികളിലൊന്നായി വളർന്നുകൊണ്ടിരിക്കുകയാണ്. മുസിരിസ് പൈതൃക പദ്ധതിയിലെ ആദ്യഘട്ടം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുസിരിസ്, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത തികച്ചും ഗൗരവമായി ഉൾക്കൊണ്ടുതന്നെ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഒരു മുഴുവൻ സമയ സർക്കാർ ഉദ്യോഗസ്ഥനെ മുസിരിസ് പ്രോജക്ട് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കൺസർവേഷൻ കൺസൾട്ടന്റായ ശ്രീ. ബെന്നി കുര്യാക്കോസ് മുഖേന തയ്യാറാക്കി വരുന്നു. പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കുകയും രണ്ടാംഘട്ട നിർമ്മാണത്തിന് പദ്ധതി ഘടകങ്ങൾ ദ്രുതഗതിയിൽ തയ്യാറാക്കി വരികയുമാണ്. പദ്ധതി രൂപരേഖ സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും. ഇതിന് സർക്കാർ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ നിയോഗിച്ചിട്ടുണ്ട്.

തലശ്ശേരി പൈതൃക പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 4 പദ്ധതി ഘടകങ്ങൾക്ക് ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും ഒരു പ്രാവശ്യം യോഗം ചേർന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വയനാടടക്കം 9 നിയമസഭാ മണ്ഡലങ്ങളെ ഉൾപ്പെടുത്തുന്ന തരത്തിലുള്ള ഒരു പദ്ധതിക്കാണ് രൂപം നൽകുന്നത്. രണ്ടു പദ്ധതികളുടെ കാര്യത്തിലും സർക്കാർ നിരന്തമായ അവലോകനം നടത്തുന്നുണ്ട്. ഒരു പ്രാവശ്യം മുഖ്യമന്ത്രി തലത്തിലും അല്ലാതെ മന്ത്രിതലത്തിലുമെല്ലാം യോഗം ചേർന്ന് അത് പരിശോധിക്കുന്നുണ്ട്. നമ്മുടെ പൈതൃക പാരമ്പര്യം വിനോദസഞ്ചാര വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന രണ്ടു പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. എ. എൻ. ഷംസീർ: കേരള ടൂറിസത്തെക്കുറിച്ച് പറയുമ്പോൾ പ്രധാനമായും വിദേശികളാണ് കടന്നുവരുന്നത്. വിദേശടൂറിസ്റ്റുകളെ ആകർഷിക്കാൻ പല പദ്ധതികളും നമുക്ക് ആസൂത്രണം ചെയ്യേണ്ടി വരും. എന്തുകൊണ്ടോ നിർഭാഗ്യവശാൽ ബഹുമാന്യനായ കേന്ദ്രമന്ത്രി ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ ഭാഗത്തുനിന്ന് 'ബിക്കിനിയൊന്നും ധരിച്ച് കേരളത്തിലേയ്ക്ക് വരാൻ പാടില്ല' എന്ന രീതിയിൽ വിദേശികളെ അപമാനിക്കുന്ന ഒരു പ്രസ്താവനയുണ്ടായി. നേരത്തെ ഭക്ഷണത്തിന്റെ കാര്യത്തിൽ

വിലക്കേർപ്പെടുത്തിയവർ ഇപ്പോൾ വസ്ത്രത്തിന്റെ കാര്യത്തിലും വിലക്കേർപ്പെടുത്തുകയാണ്. ഇത്തരം പ്രസ്താവനകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ എന്തെങ്കിലും തരത്തിൽ ഒരു പ്രസ്താവന നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ദേഹം ചെന്നെത്തി നിൽക്കുന്നത് ബി.ജെ.പി.-യുടെ പാളയത്തിലാണ്. 'മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ടാം ഒരു സൗരഭ്യം' എന്ന് കേട്ടിട്ടുണ്ട്. അതുപോലെ നമ്മുടെ നാട്ടിലെ മനുഷ്യൻ എന്ത് കഴിക്കണം, എന്ത് ധരിക്കണം, എങ്ങനെ ജീവിക്കണമെന്നെല്ലാം തങ്ങൾ നിശ്ചയിക്കുമെന്ന് കല്പിക്കുന്നതായിട്ടുള്ള ഒരു പാർട്ടിയുടെ നേതാവ് എന്നുള്ള നിലയിൽ ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ പ്രസ്താവനയിൽ വലിയ അത്ഭുതത്തിന് അവകാശമില്ല. പക്ഷെ അത് ഒരു കേന്ദ്രമന്ത്രിയുടെ നിലപാടിന് ചേർന്നതല്ലെന്ന് വളരെ വിനയത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ദീർഘകാല അവധിയെടുക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, ഒരു നിയമസഭാംഗമെന്നുള്ള നിലയിലാണ് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഞാൻ ഈ നിയമസഭയിൽ വന്നിട്ട് ആറ്-ഏഴ്

കൊല്ലമായി. സാധാരണ ഒരു ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുമ്പോഴില്ലാത്ത ഒരു പ്രവണത എന്തിനാണ് നിങ്ങളുണ്ടാക്കുന്നത്; നിങ്ങൾ വലിയ പുരോഗമന ആശയക്കാരല്ലേ? എന്നിട്ട് ലീഗിന്റെ അഭിപ്രായമെന്താണെന്ന് അവിടെ നിന്ന് ചോദിക്കുകയാണ്. നിങ്ങൾ അത് ചോദിക്കേണ്ട ആവശ്യമെന്താണ്? ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവരാൻ കാരണം, എനിക്കറിയാം ഇത് അവതരിപ്പിക്കുമ്പോൾ കുറച്ച് കാര്യങ്ങൾ അങ്ങോട്ടുമിങ്ങോട്ട് പറയും. എന്തിനാണ് നിങ്ങളിത് അവതരിപ്പിക്കാൻ പോകുന്നതെന്ന് എന്നോട് തന്നെ പല ആൾക്കാരും ചോദിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, സർക്കാർ ആശുപത്രികൾ, സർക്കാർ ശമ്പളം പറ്റുന്ന എയ്ഡഡ് സ്കൂളുകൾ ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരിൽ പലരും...., ഉദാഹരണത്തിന് എം.ബി.ബി.എസ്.-ന് മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടി അഞ്ചുകൊല്ലം കഴിഞ്ഞ് എം.ബി.ബി.എസ്. പാസ്സാകുന്ന കുട്ടിക്ക് 10 ലക്ഷം രൂപയാണ് സർക്കാർ ചെലവാക്കുന്നത്. ഇപ്പോഴത്തെ പ്രകാരം 1.25 ലക്ഷം രൂപയാണ് ഫീസ്. അത് കഴിഞ്ഞ് ഒരു കൊല്ലം ഹൗസ് സർജൻസി കഴിഞ്ഞ് പി.എസ്.സി. മുഖേന നിയമിതരായാൽ ഒരു കൊല്ലം കഴിഞ്ഞാൽ ലീവെടുത്ത് പോകുകയാണ്. ലീവ് കൊടുക്കേണ്ട എന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. നിലവിലെ അവരുടെ

സർവ്വീസിൽ ഈ നാട്ടിൽ അഞ്ച് കൊല്ലം വർക്ക് ചെയ്തിട്ട് പോകട്ടെ. അല്ലെങ്കിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളിൽ ഒരു അദ്ധ്യാപകൻ ജോലിക്ക് കയറി, 20 കൊല്ലം ലീവ് കഴിഞ്ഞ് വരുമ്പോൾ ഇവിടെ പുതുതായി വന്നിട്ടുള്ള, വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ ഈ കാര്യങ്ങളൊന്നും അറിയില്ല. എയ്ഡഡ് സ്കൂളിലാണെങ്കിൽ തൽക്കാലം ഒരാളെ പോസ്റ്റ് ചെയ്യും. 20 കൊല്ലം അദ്ദേഹം വർക്ക് ചെയ്യും. 20 കൊല്ലം കഴിഞ്ഞ് ലീവെടുത്തയാൾ വരുമ്പോൾ ഇവൻ പുറത്തോട്ടുപോകും. ഇവിടത്തെ എസ്.സി.ഇ.ആർ.ടി.-യുടെ കാര്യങ്ങളെല്ലാം പഠിച്ചുവരുമ്പോൾ മൂന്നു കൊല്ലമേ സർവ്വീസുണ്ടാകുകയുള്ളൂ. അപ്പോൾ ഇതിൽ ഒരു നിയന്ത്രണം വരുത്തണമെന്നാണ് ഞാൻ പറഞ്ഞത്. സർവ്വീസ് സംഘടനകളും രാഷ്ട്രീയ പാർട്ടിക്കാരുമൊക്കെ പഴയ കാലത്തെടുത്ത നിരവധി തീരുമാനങ്ങളൊക്കെയുണ്ട്. അതിൽ കാലോചിതമായ മാറ്റമുണ്ടാകുന്നത് നല്ലതാണന്നെ ഞാൻ പറഞ്ഞിട്ടുള്ളൂ. ഡി.പി.ഐ.-യുടെ കീഴിൽ നാലായിരം അദ്ധ്യാപകർ/അനദ്ധ്യാപകർ ആണ് വിദേശത്തുള്ളത്. പി.ഡബ്ല്യു.ഡി.-യുടെ കീഴിൽ ഇവിടെ എഞ്ചിനീയറില്ല. നൂറ്റമ്പതോളം എഞ്ചിനിയർമാരാണ് പുറത്തുള്ളത്. അതുപോലെ ഡോക്ടർമാർ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റുകാർ ഇവരൊക്കെ..., ബി.എസ്.സി. നഴ്സിംഗിന് എൻട്രൻസ് നടത്തി,

അഡ്മിഷൻ നടത്തി വിദേശത്ത് പോയി 25 കൊല്ലം കഴിഞ്ഞ് ഇവിടെ വന്നിട്ടെന്ത് കാര്യം. എന്തിനാണ് ഇവർക്ക് കാലാകാലം പെൻഷൻ കൊടുക്കുന്നത്. 20-25 കൊല്ലം രാജ്യത്ത് സർവ്വീസ് നടത്തി സ്നേഹിക്കുന്ന ആളുകൾക്കുള്ള ഒരാനുകൂല്യമാണ്. ഈയൊരു കാര്യത്തിൽ സർക്കാർ ഒരു നിയന്ത്രണം കൊണ്ടുവരണം. ഇന്നത്തെ മാതൃഭൂമി പത്രത്തിലെ 16-ാം പേജിലെ ഒരു വാർത്ത-സൈന്യത്തിൽ പഠിച്ച് ഉഡ്ബൈ പറയുന്ന ഡോക്ടർമാർ വലിയ വില കൊടുക്കേണ്ടി വരും. 2 കോടി രൂപ ബോണ്ട് കൊടുക്കണമെന്നാണ് പാർലമെന്റ് സമിതി പറഞ്ഞിരിക്കുന്നത്. ഞാൻ അതൊന്നും പറയുന്നില്ല. ഞാൻ പറയുന്നത് വിദേശത്തേയ്ക്ക് പോകണമെങ്കിൽ അഞ്ചോ-പത്തോ കൊല്ലത്തേയ്ക്ക് പോയിക്കൊള്ളട്ടെ. പക്ഷെ 26-ാം വയസ്സിൽ സർവ്വീസിൽ കയറി, 25 കൊല്ലംകഴിഞ്ഞ് 54-ാമത്തെ വയസ്സിൽ തിരിച്ചുവന്നിട്ടെന്ത് കാര്യം. അപ്പോൾ അതിൽ ഒരു നിയന്ത്രണം കൊണ്ടുവരണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ റെഗുലർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് വിദേശത്തോ/സ്വദേശത്തോ മറ്റ് ജോലികൾ സ്വീകരിക്കുന്നതിന് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII എ പ്രകാരം പരമാവധി 20 വർഷം വരെ

ശൂന്യവേതന അവധി അനുവദിച്ച് വരുന്നുണ്ട്. ടി ചട്ടങ്ങൾ ബാധകമാക്കപ്പെട്ട അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പ്രസ്തുത അവധിയുണ്ട്. എന്നാൽ ജീവനക്കാർ ഈ അവധിയെടുത്ത് സർക്കാരിന് ധനസഹായം ലഭിക്കുന്നതോ സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ പാടുള്ളതല്ല. പക്ഷെ, ഇതിന്റെ ഫലമായി ഉണ്ടാകുന്ന പ്രയാസങ്ങളും പ്രശ്നങ്ങളുമാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. പക്ഷെ, അദ്ദേഹം ആശങ്കപ്പെടുന്ന രീതിയിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ചില ചട്ടങ്ങൾ നിലവിലുണ്ട്. ഉദാഹരണത്തിന്, ഉന്നത യോഗ്യതയുള്ള ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞന്മാർ, ജീവനക്കാരുടെ ദൗർലഭ്യം നേരിടുന്ന വെറ്ററിനറി വിഭാഗങ്ങളായ വെറ്ററിനറി സർജന്മാർ, ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ്മാർ, മറ്റ് ജീവനക്കാർ മുതലയാവർക്ക് ടി അവധി പരിമിതമായെ അനുവദിക്കുകയുള്ളൂവെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്, ഓട്ടോമാറ്റിക്കായല്ല. അവരുടെ കാലാവധി/നിയന്ത്രണങ്ങൾ ഏർപ്പെടുത്താം. ഈ അവധി വിരമിക്കൽ തീയതിക്ക് ഒരു വർഷം മുമ്പ് മാത്രമേ അനുവദിക്കുകയുള്ളൂ. അതായത്, വിരമിക്കൽ തീയതിക്ക് തൊട്ടുമുമ്പ് വരെ അവധിയിൽ തുടരാൻ കഴിയില്ല. കൂടാതെ അവധി അനുഭവിക്കുന്ന കാലയളവ്

പെൻഷൻ ഉൾപ്പെടെയുള്ള യാതൊരു സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല. എന്നാൽ അവധിയിൽ പ്രവേശിക്കുന്നതിന് മുമ്പും അവധിയിൽ പ്രവേശിച്ചതിനുശേഷവും അനുഷ്ഠിക്കുന്ന സേവനം മാത്രം പരിഗണിച്ച് പെൻഷൻ ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നൽകുന്നതാണ്. ഇക്കാലത്ത് ജീവനക്കാർക്ക് പ്രമോഷൻ ഊഴമായാൽ അതും ഇവർക്ക് ലഭിക്കുന്നതല്ല. ജീവനക്കാർ ഇല്ലാതെ ഇവിടെ വിഷമിക്കുകയില്ല. കാരണം, ഇത്തരത്തിലുണ്ടാകുന്ന അവധി ഒഴിവുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാനും അവകാശമുണ്ട്. അതുകൊണ്ട് ഈ സാഹചര്യത്തിൽ ജീവനക്കാർക്ക് ഇത്തരത്തിലുള്ള അവധി അനുവദിക്കുന്നതുകൊണ്ട് സർക്കാർ ഖജനാവിൽ സാമ്പത്തിക നഷ്ടമൊന്നും സംഭവിക്കുന്നില്ല. അങ്ങ് പറഞ്ഞ ചില പ്രശ്നങ്ങളുണ്ടാകാം. അദ്ധ്യാപകൻ പോയിട്ട് തിരിച്ചുവരുമ്പോൾ പണ്ടത്തെ പോലെ തുടർച്ചയായി പഠിപ്പിക്കുന്ന അത്രയും കാര്യക്ഷമത ഉണ്ടാകാതിരിക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ ഉണ്ടാകാം. ഈ precautions എല്ലാം എടുത്തുകൊണ്ടാണ് ചെയ്യുന്നത്. എന്നാൽ സർക്കാർ വേണ്ടത്ര ജാഗ്രത പുലർത്താത്തതുകൊണ്ട് അങ്ങ് പറയുന്നതുപോലെയുള്ള പ്രശ്നങ്ങളൊക്കെയുണ്ടാകാം. അക്കാര്യത്തിൽ ജാഗ്രത പുലർത്തിയാൽ മതി. നിലവിലുള്ള അവകാശങ്ങളിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. ടി അവധി

**അനുവദിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുകയില്ല.**